**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6103** 07.07.2014 -**ൽ മറുപടിയ്ക്ക്**

**"ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അറവുശാലകൾ"**

| ചോദ്യം<br><br>ശ്രീ. എം.ഹംസ | | മറുപടി<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നത് ; വിശദാംശം നൽകുമോ ; | (എ ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലൊന്നും ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടില്ല. |
| (ബി) | അറവുശാലകൾ ശാസ്ത്രീയമായി സജ്ജീകരിച്ച് ഉപഭോക്തക്കൾക്ക് ശുദ്ധമായതും ഗുണനിലവാരമുള്ളതുമായ മാംസം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഗ്രാമപഞ്ചായത്തുകളിൽ നവീന അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശുചിത്വമിഷനെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകാ അറവുശാലയുടെ പദ്ധതി രൂപകൽപ്പന ചെയ്ത് നൽകുന്നതിനും ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുന്നതിനും സാങ്കേതിക സഹായം ശുചിത്വമിഷൻ നൽകുന്നുണ്ട്. |
| (സി) | ഇതിനായി എന്തു തുക അനുവദിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | 2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണ ധനസഹായമായി സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി 20 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ